No: 18/2016

# ദൈവകൃപയാൽ

## കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ

## ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്മുടെ..........................................................................................................................

ഓർത്തഡോക്സ് സുറിയാനിപള്ളിയിലെ ബ. വികാരിയും സഹവൈദികരും, കൈക്കാരന്മാരും, മാനേജിംഗ് കമ്മറ്റിയംഗങ്ങളും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്‌വ്.

പ്രിയരെ, സസ്നേഹം അറിയിക്കുന്നത് :

നമ്മുടെ ഭദ്രാസനത്തിന്റെ 2015-2016 ലെ വാർഷിക പള്ളി പ്രതിനിധിയോഗം 1934-ലെ മലങ്കര സഭാ ഭരണഘടനപ്രകാരം 2016 നവംബർ 26-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ അരമനപ്പള്ളിയിൽ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ, ആ പള്ളിയെ പ്രതിനിധീകരിച്ച് ഒരു പട്ടക്കാരനും സുപ്രീംകോടതി വിധിയിൽ പറയുന്ന പ്രകാരം ആ പള്ളിയുടെ അംഗസംഖ്യക്ക് അനുസരിച്ച് തിരഞ്ഞെടുത്തിട്ടുള്ള ഭദ്രാസന പൊതുയോഗത്തിലേക്കുള്ള ആത്മായ പ്രതിനിധികളും പള്ളി ച്ചെലവിൽ വന്ന് സംബന്ധിക്കണമെന്ന് അറിയിക്കുന്നു. ഇവിടെ നിന്ന് അയച്ചു തരുന്ന അധികാരപത്രത്തിൽ പ്രതിനിധികളുടെ പേര് ചേർത്ത് വികാരി ഒപ്പും പള്ളിയുടെ സീലും വച്ച് യോഗത്തിന് മുമ്പായി രജിസ്ട്രേഷൻ കൗണ്ടറിൽ ഏൽപ്പിച്ച് പ്രതിനിധികൾ രജിസ്റ്ററിൽ ഒപ്പിട്ട്, ബാഡ്ജ് വാങ്ങി ധരിക്കേണ്ടതാണ്. വാർഷിക റിപ്പോർട്ടും കണക്കും ഇതോടൊപ്പം അയച്ചു തരുന്നതാണ്.

അജണ്ട

1. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ഭദ്രാസന പ്രവർത്തനറിപ്പോർട്ടും വരവുചെലവു കണക്കും ഓഡിറ്റു റിപ്പോർട്ടും.
2. 2016-2017 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്
3. ചോദ്യങ്ങളും, പ്രമേയങ്ങളും (അദ്ധ്യക്ഷൻ അനുവദിക്കുന്നവ മാത്രം)
4. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ

നിങ്ങളെല്ലാവരുടെയും ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു.
ദൈവം അനുഗ്രഹിക്കട്ടെ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

2016 ഒക്ടോബർ 31-ാം തീയതി
മൂവാറ്റുപുഴയിലുള്ള നമ്മുടെ ആസ്ഥാനത്തുനിന്നും

**ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത**

---

N.B. യോഗത്തിലേക്കുള്ള ചോദ്യങ്ങളും, പ്രമേയങ്ങളും നവംബർ 23-ാം തീയതിക്ക് മുമ്പ് ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതാണ്.

# കണ്ടനാട് (ഈസ്റ്റ്) ഭദ്രാസന
## വാർഷിക റിപ്പോർട്ട് 2015-2016

### ആമുഖം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കും ഓഡിറ്റ് റിപ്പോർട്ടും 2016-2017 വർഷത്തേയ്ക്കുള്ള ബജറ്റും 2016 നവംബർ 26-ാം തീയതി ശനിയാഴ്ച കൂടുന്ന ഭദ്രാസന വാർഷിക പൊതുയോഗത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

### ഭദ്രാസന പൊതുയോഗം 2014 – 15

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 25/2015-ാം നമ്പർ കല്പന അനുസരിച്ച് ഭദ്രാസനപ്പള്ളി പ്രതിനിധിയോഗം 1934-ലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാഭരണഘടന പ്രകാരം 2015 നവംബർ 10-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വച്ച് അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. പ്രാരംഭ പ്രാർത്ഥനയ്ക്ക് ശേഷം കൊച്ചുപറമ്പിൽ വന്ദ്യ ഗീവർഗീസ് റമ്പാൻ നോട്ടീസ് കല്പന വായിച്ചു. തുടർന്ന് ഭദ്രാസന സെക്രട്ടറി സ്വാഗതം ആശംസിച്ചു. പിന്നീട് ഞാറക്കാട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ജോസ് വെട്ടിക്കുഴി തിരുവചനധ്യാനം നടത്തി. 2 കൊരിന്ത്യർ 5:17-ന്റെ അടിസ്ഥാനത്തിൽ വേദചിന്തകൾ പങ്കുവച്ചു. "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്." എന്ന അപ്പോസ്തോലനായ വി. പൗലോസിന്റെ പ്രഖ്യാപനത്തിൽ ഊന്നി നിന്നുകൊണ്ട് സമസ്ത മേഖലയിലുമുള്ള സഭയുടെ പുതുക്കത്തിനും സമർപ്പണത്തിനും ബ. അച്ചൻ ആഹ്വാനം ചെയ്തു. തുടർന്ന് അഭി. തിരുമേനി അദ്ധ്യക്ഷപ്രസംഗം നടത്തി.

ഭദ്രാസനമായി നമുക്ക് ശക്തമായി മുന്നോട്ടുപോകാൻ ദൈവത്തിന്റെ വലിയ കരങ്ങൾ സഹായിക്കുന്നുണ്ട് എന്ന് അനുസ്മരിച്ചുകൊണ്ടാണ് അഭി. തിരുമേനി അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചത്. സഭാശുശ്രൂഷ വിപുലമാക്കേണ്ടതുണ്ട്. മനുഷ്യന്റെയും പ്രകൃതിയുടെ ആകമാനവും ജീവിതമണ്ഡലങ്ങളിൽ സഭാശുശ്രൂഷയുടെ പ്രതിഫലം ദർശിക്കുവാൻ സാധിക്കണം. സഭ ഒരിക്കലും ഒരു സംഘടന എന്ന നിലയിൽ വ്യവഹരിക്കപ്പെടാൻ പാടില്ല. എന്നാൽ അത് എക്കാലവും മാറ്റത്തിനും വിമോചനത്തിനും സർവ്വോപരി ദൈവരാജ്യമൂല്യങ്ങളെ പ്രസരിപ്പിക്കുന്നതുമായി മാറണം എന്ന് തിരുമേനി ഓർമ്മിപ്പിച്ചു. ഈ സാഹചര്യത്തിൽ ഭിന്നിച്ച് നിൽക്കുന്ന സഭയ്ക്ക് എന്ത്

സാക്ഷ്യമാണ് നിർവ്വഹിക്കാനാവുക എന്നത് സ്വയം ചോദിക്കേണ്ട ചോദ്യമാണ്. കൈമോശം വന്ന വിശ്വാസജീവിത മൂല്യങ്ങളിലേക്ക് സഭ തിരികെപ്പോകണം എന്ന ആഹ്വാനത്തോടെ അഭി. തിരുമേനി അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ വാർഷിക റിപ്പോർട്ട് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ പ്രതിനിധികൾ സജീവമായി പങ്കുകൊണ്ടു. വിശദമായ ചർച്ചകൾക്കുശേഷം ശ്രീ. രാജു ജോർജ് കൊന്നാനാൽ റിപ്പോർട്ട് പാസ്സാക്കാമെന്ന് അഭിപ്രായപ്പെടുകയും റവ. ഫാ. ജോസ് വെട്ടിക്കുഴി പിന്താങ്ങുകയും ചെയ്തു. തുടർന്ന് ഭദ്രാസനത്തിന്റെ തന്നാണ്ട് വർഷത്തെ വരവ്-ചെലവ് കണക്ക് യോഗത്തിൽ അവതരിപ്പിച്ചു. വാർഷിക കണക്കിനെ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. ചർച്ചകൾക്കുശേഷം ശ്രീ. റ്റി.സി. ഏലിയാസ് കണക്ക് പാസ്സാക്കാമെന്ന് അഭിപ്രായപ്പെടുകയും ശ്രീ. റ്റി.വി തോമസ് പിന്താങ്ങുകയും ചെയ്തു. വാർഷിക കണക്ക് യോഗം പാസ്സാക്കി. 2015-16 വർഷത്തേയ്ക്കുള്ള ബജറ്റ് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. ഇനം തിരിച്ചുള്ള ചർച്ചകൾക്കുശേഷം ബജറ്റ് യോഗം അംഗീകരിച്ചു. ഭദ്രാസന കണക്കുകളുടെ വിശദമായ ഓഡിറ്റിംഗ് നിർവ്വഹിച്ച ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. അജിത്ത് പോളിനെ യോഗം അഭിനന്ദിച്ചു. തുടർന്ന് അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിനൽകി. അഭി. തിരുമേനി ഇടവക പ്രതിനിധികൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തി. പ്രാർത്ഥന, ആശീർവ്വാദം എന്നിവയോടെ 4.30 ന് യോഗം പര്യവസാനിച്ചു.

## ഭദ്രാസന കൗൺസിൽ

റിപ്പോർട്ട് വർഷത്തിൽ 4 കൗൺസിൽ യോഗങ്ങൾ കൂടുകയുണ്ടായി. 2015 മെയ് 11-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ വൈദിക ശമ്പള പദ്ധതി സംബന്ധിച്ചും അഭി. തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയുടെ പരിപാടികൾ സംബന്ധിച്ചും ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. 2015 മെയ് 30-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ മെത്രാഭിഷേക രജത ജൂബിലിയുടെ അവസാനവട്ട ഒരുക്കങ്ങൾ ആലോചിച്ച് ക്രമീകരണങ്ങൾ ചെയ്തു. 2015 ജൂലൈ 31-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ ഭദ്രാസനത്തിന്റെ സോഷ്യൽ സർവ്വീസ് സൊസൈറ്റി ആയ സമഗ്രോദയ സംബന്ധിച്ചും ഫിലോലോഗിയ ദയറാ സംബന്ധിച്ചും വൈദീക ശമ്പളപദ്ധതിയിലേക്ക് ഇടവകകൾക്ക് നിശ്ചയിച്ചിരിക്കുന്ന തുക സംബന്ധിച്ചും ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. 2015 നവംബർ 9-ാം തീയതി കൂടിയ കൗൺസിൽ യോഗത്തിൽ ഭദ്രാസനയോഗം സംബന്ധിച്ചും അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ സംബന്ധിച്ചും ആലോചിച്ച് ക്രമീകരണങ്ങൾ ചെയ്തു.

# ഭദ്രാസനത്തിലെ വൈദികർ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ 35 വൈദികരാണ് വിവിധ ഇടവകകളിലായി ശുശ്രൂഷ ചെയ്യുന്നത്. വിവിധ തരത്തിലുള്ള പ്രതിസന്ധികളുടെ മധ്യത്തിൽ ആണ് ഓരോ വൈദികരും തങ്ങളെ ഏല്പിച്ച അജപാലന ശുശ്രൂഷ നിർവ്വഹിച്ചു വരുന്നത്. തികഞ്ഞ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഓരോ വൈദികരോടും ഭദ്രാസനം പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

സഭയുടെ പുതുക്കിയ ശമ്പളസ്കെയിൽ അനുസരിച്ച് വൈദിക ശമ്പളം നൽകാൻ റിപ്പോർട്ട് വർഷം സാധിച്ചില്ല. ഇടവകപ്പള്ളികളിൽ നിന്ന് ശമ്പള ഫണ്ടിലേക്ക് അടയ്ക്കുന്ന തുകയും സഭാകേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്ന സബ്സിഡിയും കൂടാതെ ഭദ്രാസനത്തിലെ ജനറൽ ഫണ്ടിൽ നിന്നും മറ്റ് അഭ്യുദയകാംക്ഷികളിൽ നിന്നും ലഭിക്കുന്ന സംഭാവന കൊണ്ടുമാണ് വൈദീകശമ്പള പദ്ധതി നടന്നുവരുന്നത്. പുതുക്കിയ ശമ്പള സ്കെയിൽ നിലവിൽ വന്നപ്പോൾ സഭാകേന്ദ്രത്തിൽ നിന്നുള്ള ശമ്പള സബ്സിഡി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കാതെ വന്നതുകൊണ്ടും പള്ളികളിൽ നിന്ന് ഫണ്ടിലേക്ക് അടക്കേണ്ടുന്ന തുക വർദ്ധിപ്പിക്കേണ്ടതുകൊണ്ടുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നത്.

കണ്ടനാട് ഭദ്രാസന വൈദിക സംഘത്തിന്റെ നേതൃത്വത്തിൽ ഫാ. ജോൺസൺ പുറ്റാനിലിന്റെ ചുമതലയിൽ നടക്കുന്ന 'യുക്കാറിസ്റ്റിക്സ് നെക്ടാർ' എന്ന പ്രസ്ഥാനത്തിൽ നിന്നും പ്രതിമാസ ഗ്രാന്റ് ലഭിക്കുന്നുണ്ട്. കൂടാതെ സഭാ ആല്മായ ട്രസ്റ്റി ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ് വൈദീക ശമ്പള പദ്ധതിയ്ക്കായി എല്ലാ മാസവും ഒരു തുക നൽകുന്നുണ്ട്. വൈദീക ശമ്പള ഫണ്ടിലേക്ക് സമ്പത്തികസഹായം നൽകുന്ന എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഭദ്രാസനത്തിലെ വൈദികർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാ സഹായം ലഭിക്കുന്നതിനായി എല്ലാ വൈദികരെയും മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്. 50000 രൂപ വരെ ചികിത്സാ ചെലവ് ലഭിക്കുന്നതിനുള്ള ഈ പദ്ധതിക്ക് ആവശ്യമുള്ള പ്രീമിയം തുക ഭദ്രാസനവും സഭാകേന്ദ്രവും ചേർന്ന് നൽകിവരുന്നു. കൂടാതെ ഫാമിലി ബെനിഫിറ്റ് സ്കീം, പെൻഷൻ, പ്രീസ്റ്റ് വെൽഫെയർ ഫണ്ട് എന്നിവ ഭദ്രാസനത്തിന്റെയും വൈദികരുടെയും പങ്കാളിത്തത്തോടെ ഭംഗിയായി നടന്നുവരുന്നു. വൈദിക ശുശ്രൂഷയിൽ നിന്ന് 4 വൈദികർ വിരമിച്ചു. ഫാ. ടുബി ബേബി കൊച്ചി ഭദ്രാസനത്തിലും ഫാ. ബോബി വർഗീസ് ബ്രഹ്മവാർ ഭദ്രാസനത്തിലും മുഴുവൻ സമയവും ഫാ. ചെറിയാൻ പാലക്കാട്ട്മാലിൽ, ഫാ. ബാബു

എബ്രഹാം, ഫാ. ജേക്കബ് പുളിക്കൽ എന്നിവർ മാസത്തിൽ രണ്ട് തവണ അങ്കമാലി ഭദ്രാസനത്തിലും സേവനം ചെയ്തുവരുന്നു.

## വൈദിക വിദ്യാഭ്യാസ നിധി

വൈദികവിദ്യാഭ്യാസം നടത്തുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള വൈദിക വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് നൽകുന്നതിലേക്ക് മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ ഇടവകയിലെ മുതിർന്ന അംഗം മുടയങ്കാട്ടിൽ ശ്രീമതി മറിയാമ്മ ഐസക്ക് 400000/- രൂപ നിക്ഷേപമായി ഭദ്രാസന മെത്രാപ്പോലീത്തായെ ഏല്പിച്ചു. ഈ തുകയിൽ നിന്ന് ലഭിക്കുന്ന പലിശ എല്ലാ വർഷവും വൈദികവിദ്യാർത്ഥികളുടെ പഠന ആവശ്യത്തിന് നൽകാനാണ് നിശ്ചയിച്ചിരിക്കുന്നത്. വൈദികവിദ്യാഭ്യാസവും പ്രേക്ഷിത പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ സഹായിക്കും. ഭദ്രാസനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഇത്തരത്തിൽ ഒരു ക്രമീകരണം നിർവ്വഹിച്ച ശ്രീമതി മറിയാമ്മ ഐസക്കിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

റിപ്പോർട്ട് വർഷത്തിൽ വിവിധ വ്യക്തികൾക്കും ഭവനങ്ങൾക്കും വിദ്യാർത്ഥികൾക്കും സാമ്പത്തിക സഹായവും സ്കോളർഷിപ്പുകളും നൽകുവാൻ സാധിച്ചു.

പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന നിർദ്ധനരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് റിപ്പോർട്ട് വർഷം 14 പേർക്ക് നൽകുകയുണ്ടായി. കേരളത്തിനകത്തും കേരളത്തിനു വെളിയിലുമായി മെഡിക്കൽ, എഞ്ചിനിയറിംഗ്, നഴ്സിംഗ് എന്നീ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രതിമാസം 1500 രൂപാവീതം സ്കോളർഷിപ്പ് നൽകിവരുന്നത്. ഇതിനാവശ്യമായ പണം പ്രധാനമായി സംഭാവന നൽകിയത് അലക്സ്പോൾ ആലയ്ക്കൽ, മലേക്കുരിശ് മാർ ഗ്രീഗോറിയോസ് ചാപ്പൽ, പെരിയാമ്പ്ര മാർത്തമറിയം വനിതാസമാജം എന്നിവരാണ്. അവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## സ്നേഹനിധി

എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ മെമ്മോറിയലായി രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്ന സ്നേഹനിധി ഫണ്ടിൽ നിന്ന് ഈ ഭദ്രാസനത്തിൽ നിന്ന് അപേക്ഷ നൽകിയ പ്രൊഫഷണൽ കോഴ്സ് പഠനത്തിൽ

ഉന്നത നിലവാരം പുലർത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുകയുണ്ടായി. എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിലെ വികാരിമാരോടും സ്നേഹനിധിയുടെ ചുമതലക്കാരോടും ഭദ്രാസനം പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു. സഹായം എത്തിച്ചുതരുന്ന എല്ലാ വ്യക്തികളോടും കുടുംബാംഗങ്ങളോടും ഇടവകകളോടും ഭദ്രാസനം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## സെമിത്തേരി

ഭദ്രാസനത്തിന്റെ നേരിട്ട് ചുമതലയിൽ ആരക്കുഴ റോഡിലുള്ള സെമിത്തേരിയിൽ പൊതു കല്ലറ നിർമ്മിച്ചത് ഉപയോഗിക്കുവാൻ ആരംഭിച്ചു. റിപ്പോർട്ട് വർഷത്തിൽ 5 കല്ലറകൾ വിവിധ കുടുംബങ്ങൾക്കായി അനുവദിക്കുകയും ചെയ്തു.

## കാതോലിക്കാദിനപ്പിരിവ്

ഭദ്രാസനത്തിലെ 2014-15ലെ കാതോലിക്കാദിനപ്പിരിവ് വിജയകരമായി നടന്നു. പിരിവ് വിജയകരമാക്കാൻ സഹായിച്ച എല്ലാ ഇടവകാംഗങ്ങളോടും വ്യക്തികളോടും പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു.

## ഷോപ്പിംഗ് കോംപ്ലെക്സ്

ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള അരമന ഷോപ്പിംഗ് കോംപ്ലെക്സിന്റെയും കത്തീഡ്രൽ ഹാളിന്റെയും പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. റിപ്പോർട്ട് വർഷം അരമനപ്പുരയിടത്തിന്റെ കിഴക്കുഭാഗത്ത് സംരക്ഷണഭിത്തി പണിത് ഗേറ്റ് സ്ഥാപിച്ചു. കത്തീഡ്രൽ ഹാളിന്റെയും പള്ളിയുടെയും ഉപയോഗത്തിലേക്കായി പുതിയതായി ഒരു ടോയ്‌ലറ്റ് ബ്ലോക്ക് പണിത് പൂർത്തിയാക്കി.

## സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ കത്തീഡ്രൽ ദേവാലയമായ സെന്റ് തോമസ് കത്തീഡ്രൽ അനുഗ്രഹീതമായ വളർച്ചയുടെ പാതയിലാണ്. ഞായറാഴ്ചകളിൽ രണ്ടു സമയങ്ങളിലായി വി. കുർബ്ബാന അർപ്പിക്കപ്പെടുന്നു. വിവിധ അദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ മാതൃകാപരമായ പ്രവർത്തനമാണ് ഈ ഇടവകയിൽ നടന്നുവരുന്നത്. കൂടാതെ വിവിധ കാരുണ്യ പ്രവർത്തനങ്ങൾക്കും ഇടവക നേതൃത്വം കൊടുക്കുന്നുണ്ട്. അഭി. ഇടവക മെത്രാപ്പോലീത്ത നിയമിച്ച ഒരു അഡ്വൈസറി കമ്മറ്റിയാണ് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഇടവകയുടെ ഫിനാൻസ് സൂപ്രണ്ട് ആയി ശ്രീ. വി.സി. ജേക്കബ് വടക്കേമുട്ടപ്പിള്ളിയും സെക്രട്ടറിയായി ശ്രീ. സജി ജോൺ നീറുന്താനവും സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്നു.

ഇടവകയുടെ ആഭിമുഖ്യത്തിൽ സണ്ടേസ്കൂൾ കെട്ടിടത്തിൽ ഡേ കെയറും, പ്ലേസ്കൂളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇടവകയുടെ സമഗ്രമായ വികസനത്തിനും ആത്മീയ വളർച്ചയ്ക്കുംവേണ്ടി അക്ഷീണം യത്നിക്കുന്ന വികാരിമാരായ ബഹു. എഡ്വേർഡ് ജോർജ്ജ് അച്ചനോടും ബഹു. ബിനോയ് ജോൺ അച്ചനോടും കമ്മറ്റിയംഗങ്ങളോടും ഇടവകകൂട്ടായ്മയിലെ ഓരോ കുടുംബത്തോടും ഭദ്രാസനം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. റിപ്പോർട്ട് വർഷം പള്ളിയുടെ താലക്കാലിക വാതിലുകൾ മാറ്റി പുതിയത് സ്ഥാപിക്കുകയും പള്ളിയുടെ വരാന്തയും, പൂമുഖവും, ഗ്രാനൈറ്റ് വിരിക്കുകയും പെയിന്റിംഗ്, പൂർത്തിയാക്കി പള്ളി മനോഹരമാക്കുകയും ചെയ്തു. നിർമ്മാണ ജോലികൾ അഭംഗുരം നിർവ്വഹിക്കാൻ സാമ്പത്തികസഹായം ചെയ്തുതരുന്ന എല്ലാ അംഗങ്ങളോടും ഭദ്രാസന ഇടവകയ്ക്കുള്ള നന്ദി നിസ്സീമമാണ്. ഇടവക മെത്രാപ്പോലീത്ത നാമനിർദ്ദേശം ചെയ്ത ഒരു കമ്മറ്റിയാണ് കത്തീഡ്രൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഭദ്രാസനസെക്രട്ടറി അദ്ധ്യക്ഷനായും വികാരി ഉപാദ്ധ്യക്ഷനായും ആലയ്ക്കൽ ശ്രീ. എ.പി. സെൽവിൻ ജനറൽ കൺവീനറായും പ്രവർത്തിച്ചുവരുന്നു. സെന്റ് തോമസ് കത്തീഡ്രലിന്റെ കീഴിലുള്ള കുട്ടമ്പുഴ മാർ ബസേലിയോസ് ചാപ്പലിൽ ഒന്നിടവിട്ട ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചുവരുന്നു. പുറ്റാനിൽ ബഹു. ജോൺസൺ അച്ചൻ ചാപ്പലിന്റെ ചുമതല നിർവ്വഹിച്ചുവരുന്നു.

## കോടതിവിധി

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പുരാതന ദേവാലയങ്ങളിലൊന്നായ മാമ്മലശ്ശേരി മാർ മിഖായേൽ പള്ളി ബഹു. കേരളാ ഹൈക്കോടതിവിധിയെത്തുടർന്ന് ആരാധനയ്ക്കായി തുറന്നുത്. ഭദ്രാസനത്തിന് ആകമാനം സന്തോഷവും അനുഗ്രഹവുമായി. ബഹു. എറണാകുളം ജില്ലാകോടതി നിയമിച്ച അഡ്വ. റിസീവർ ഭരണം നിർവ്വഹിക്കുന്ന ഇടവകയിൽ യാക്കോബായ വിഭാഗം നിരന്തരമായി സൃഷ്ടിച്ച പ്രശ്നങ്ങളുടേയും അക്രമങ്ങളുടേയും സാഹചര്യത്തിലാണ് അനധികൃതമായി മൂവാറ്റുപുഴ ആർ.ഡി.ഒ. പള്ളി പൂട്ടിയത്. തുടർന്ന് പള്ളി തുറന്ന് ആരാധന ആരംഭിക്കുന്നതിലേക്ക് ഓർത്തഡോക്സ് സഭ ബഹു. ഹൈക്കോടതിയിൽ നടത്തിയ നിയമപോരാട്ടം വഴിയാണ് പള്ളി തുറക്കാൻ സാഹചര്യം ഒരുങ്ങിയത്. പള്ളി പൂട്ടി ഏറ്റെടുത്ത മൂവാറ്റുപുഴ ആർ.ഡി.ഒ.യുടെ നടപടി അസ്ഥിരപ്പെടുത്തിയ കോടതി ഹർജിക്കാരായ പള്ളിവികാരിമാർക്ക് പോലീസ് സംരക്ഷണവും അനുവദിച്ചു. ഹൈക്കോടതിയിൽ നിന്ന് ഉണ്ടായ ഈ ഉത്തരവുകൾ ചോദ്യം ചെയ്ത യാക്കോബായ വിഭാഗം ബഹു. സുപ്രീംകോടതിയെ സമീപിച്ചു എങ്കിലും പ്രാഥമികവാദം കേട്ട് പ്രസ്തുത ഹർജി കോടതി തള്ളിക്കളയുകയാണു

ണ്ടായത്. വർഷങ്ങൾ നീണ്ട നിയമപോരാട്ടങ്ങൾക്ക് തികഞ്ഞ സമർപ്പണത്തോടെ നേതൃത്വം നൽകിയ മാമ്മലശ്ശേരിയിലെ ബഹുമാനപ്പെട്ട വികാരിമാരോടും മറ്റു ചുമതലക്കാരോടും ഇടവകാംഗങ്ങളോടും ഭദ്രാസനം ഏറെ കടപ്പെട്ടിരിക്കുന്നു. ഭദ്രാസനത്തിന്റെ നിയമപോരാട്ടങ്ങൾക്ക് എല്ലാ സഹായങ്ങളും നേതൃത്വവും നൽകുന്ന ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ അഡ്വ. എസ്. ശ്രീകുമാറിനോടും സഹപ്രവർത്തകരോടുമുള്ള ഭദ്രാസനത്തിന്റെ നന്ദി ഇത്തരുണത്തിൽ രേഖപ്പെടുത്തുന്നു.

## ഏഴക്കരനാട് പ്രോജക്റ്റ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പ്രമുഖ ദേവാലയങ്ങൾ സ്ഥിതി ചെയ്യുന്ന ഏഴക്കരനാട്-വെട്ടിത്തറ പ്രദേശത്ത് ഓർത്തഡോക്സ് സഭയ്ക്ക് ഒരു കേന്ദ്രം ഉണ്ടാകണം എന്നത് ഭദ്രാസനത്തിന്റെ ഏറെക്കാലത്തെ ഒരാഗ്രഹമായിരുന്നു. ഈയൊരു ആഗ്രഹത്തിന്റെ പൂർത്തീകരണം എന്നവണ്ണം ഏഴക്കരനാട് ടൗണിനോട് ചേർന്ന് ഭദ്രാസനത്തിന്റെ പേരിൽ 1.18 സെന്റ് സ്ഥലം വാങ്ങിക്കുവാൻ സാധിച്ചു. വസ്തു വാങ്ങുന്നതിനാവശ്യമായ പണം ഭദ്രാസനത്തിൽ നിന്നും ആ പ്രദേശത്തുള്ള സഭാംഗങ്ങളിൽ നിന്നും ഭദ്രാസനത്തിന് അകത്തും പുറത്തുമുള്ള സഭാസ്നേഹികളിൽ നിന്നു സംഭാവനയും വായ്പയുമായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. വിവിധതരത്തിലുള്ള പ്രതിസന്ധികളിലൂടെ ഭദ്രാസനം കടന്നുപോകുമ്പോഴും സഭയ്ക്കും ഭദ്രാസനത്തിനും അഭിമാനിക്കത്തക്ക ഒരു സംരംഭത്തിന് ആരംഭം കുറിക്കുവാൻ സാധിച്ചത് ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്. സഭാംഗങ്ങൾ ഒത്തുകൂടാനും ആരാധിക്കുവാനും സാധിക്കുന്ന രീതിയിലുള്ള ഒരു ദേവാലയം പണിയുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തികഞ്ഞ ഉത്സാഹത്തോടെയുള്ള നിർലോഭമായ സഹകരണമാണ് ആ പ്രദേശത്തുള്ള ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്ന് ലഭിക്കുന്നത് എന്ന് നന്ദിയോടെ ഓർക്കുന്നു.

# സണ്ടേസ്കൂൾ

## വാർഷിക റിപ്പോർട്ട് 2015 – 2016

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | - | ഫാ. എബ്രാഹാം കാരാമ്മേൽ |
| ഡയറക്ടർ | - | ഫാ. ഏലിയാസ് കെ.വി. കുറ്റിപറിച്ചേൽ |
| സെക്രട്ടറി | - | ശ്രീ. കെ.എം. ജോസഫ് |
| ഡിസ്ട്രിക്റ്റ് | - | 3, അദ്ധ്യാപകർ–250, വിദ്യാർത്ഥികൾ–1050 |

**ഭദ്രാസനയോഗം**

ഭദ്രാസന സണ്ടേസ്കൂൾ വാർഷിക പൊതുയോഗം 2015 മെയ് 2–ാം

തീയതി അഭി. ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി. വാർഷിക റിപ്പോർട്ട്, വാർഷിക കണക്ക്, 2016 വർഷത്തേയ്ക്കുള്ള ബജറ്റ് എന്നിവ പാസ്സാക്കി. ഫാ. കെ.വി. ഏലിയാസ്, ശ്രീ. കെ.എം. ജോസഫ് എന്നിവ യഥാക്രമം ഭദ്രാസന ഡയറക്ടറും സെക്രട്ടറിയും ആയി തിരഞ്ഞെടുക്കപ്പെട്ടു.

**വേദപ്രവീൺ ഓറിയന്റേഷൻ ക്യാമ്പ്**

ഭദ്രാസന അടിസ്ഥാനത്തിൽ നടത്തിവരുന്ന വേദപ്രവീൺ ഓറിയന്റേഷൻ ക്യാമ്പ് 2015 ഒക്ടോബർ 2-ാം തീയതി നടത്തി. ഡോ. ഐപ്പ് വർഗീസ്, ശ്രീമതി സാറാക്കുട്ടി വർഗീസ് എന്നിവർ നേതൃത്വം നൽകി.

**അദ്ധ്യാപക പരിശീലന ക്യാമ്പ്**

ഭദ്രാസന അധ്യാപക പരിശീലന ക്യാമ്പ് ഒക്ടോബർ 22, 23 തീയതികളിൽ മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വിവധ സണ്ടേസ്കൂളുകളിൽ നിന്നായി 74 അധ്യാപകർ ക്യാമ്പിൽ പങ്കെടുത്തു. പ്രൊഫ. ചെറിയാൻ തോമസ്, ഫാ. എബ്രാഹാം കാരാമ്മേൽ, ശ്രീമതി ജിജി ജോൺസൺ, ഫാ. ഏലിയാസ് കെ.വി. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സോണൽതല സഹപാഠ്യ മത്സരം**

സോണൽതല സഹപാഠ്യമത്സരത്തിന് റിപ്പോർട്ട് വർഷം കണ്ടനാട് ഈസ്റ്റ് ഭദ്രാസനം ആതിഥ്യമേകി. വിവിധ ഭദ്രാസനങ്ങളിൽ നിന്നുമുള്ള പ്രതിഭകൾ മത്സരത്തിൽ പങ്കുകൊണ്ടു. ഭദ്രാസനത്തിലെ കത്തിപ്പാറത്തടം, മൂവാറ്റുപുഴ, മലേക്കുരിശ്, സണ്ടേസ്കൂളുകളിലെ കുട്ടികൾ സോണൽതല മത്സരത്തിൽ വിജയികളായി. ഭദ്രാസനത്തിന്റെ അഭിമാനമായ ഈ വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നു.

**മത്സരപ്പരീക്ഷ**

2015-ലെ മത്സരപ്പരീക്ഷയിൽ V, VI, VII ക്ലാസ്സുകളിലെ അഞ്ചു പേർക്കും, 10-ാം ക്ലാസ്സിലെ ഒരു വിദ്യാർത്ഥിക്കും എ ഗ്രേഡ് ലഭിച്ചു. വിജയികളായ വിദ്യാർത്ഥികളെ അനുമോദിക്കുന്നു.

**ഒ.വി.ബി.എസ്.**

റിപ്പോർട്ട് വർഷം ഒ.വി.ബി.എസ്. ഭദ്രാസനത്തിലെ വിവിധ സണ്ടേസ്കൂളുകളിൽ വിജയകരമായി നടത്തി.

**ഞാറക്കാട് സെന്റ് ജോൺസ് സണ്ടേസ്കൂൾ**

റിപ്പോർട്ട് വർഷത്തിൽ ഞാറക്കാട് സെന്റ് ജോൺസ് ഓർത്ത

ഡോക്സ് പള്ളിയുടെ കീഴിൽ സണ്ടേസ്കൂൾ ആരംഭിച്ചു. ഏതാനും വർഷമായി സണ്ടേസ്കൂൾ നടക്കാതിരുന്ന സാഹചര്യം ഉണ്ടായെങ്കിലും ഇടവകക്കാരുടെ പ്രത്യേക ഉത്സാഹത്തിൽ പുതിയ കെട്ടിടം പണിത് ആണ് സണ്ടേസ്കൂൾ ആരംഭിച്ചിരിക്കുന്നത്. ശ്രീ. പോൾ സി. വർഗീസ് ഹെഡ്മാസ്റ്ററായി പ്രവർത്തിക്കുന്നു.

സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് എല്ലാ പ്രോത്സാഹനം നൽകുന്ന ഭദ്രാസന മെത്രാപ്പോലീത്തായും ഭദ്രാസനസെക്രട്ടറി, കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ പ്രവർത്തകർ എന്നിവർക്കും നന്ദി അറിയിച്ചുകൊണ്ടും നിത്യം വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

| | |
|---|---|
| **കെ.എം. ജോസഫ്** | **ഫാ. കെ.വി. ഏലിയാസ്** |
| ഭദ്രാസന സെക്രട്ടറി | ഭദ്രാസന ഡയറക്ടർ |

# വൈദീകസംഘം

## പ്രവർത്തനറിപ്പോർട്ട് 2015 – 2016

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വൈദികരുടെ കൂട്ടായ്മ, സെ. തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന്റെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട് പൊതുയോഗം മുമ്പാകെ അവതരിപ്പിക്കുന്നു.

മലങ്കരസഭയിലെ പ്രശ്നബാധിത ഭദ്രാസനങ്ങളിൽ ഒന്നായ കണ്ടനാട് ഈസ്റ്റ് ഭദ്രാസനം സയുടെ മുഖ്യധാരയിൽ എന്നും കരുത്തോടെ നിൽക്കുന്ന ഒന്നാണ്. സഭയുടെ ഐക്യത്തിനും കെട്ടുപണിക്കുമായി അക്ഷീണം പരിശ്രമിക്കുന്ന, അതിന് നേതൃത്വം കൊടുക്കുന്ന, മഹാപുരോഹിത പദവിയിൽ കാൽ നൂറ്റാണ്ട് പിന്നിട്ട ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയോടുള്ള സ്നേഹ ഭക്ത്യാദരവുകൾ ആദ്യമേതന്നെ വൈദീകസംഘം അർപ്പിക്കുന്നു. അഭിവന്ദ്യതിരുമേനിയുടെ നിലപാടുകളോടും, നിർദ്ദേശങ്ങളോടും, ഉപദേശങ്ങളോടും പൂർണ്ണമായി ചേർന്നു നിന്നുകൊണ്ട് സഭയുടെ കെട്ടുപണിക്കായി അക്ഷീണം പരിശ്രമിക്കുന്ന, പ്രതിസന്ധിയിലും തളരാതെ തങ്ങളുടെ ദൗത്യനിർവ്വഹണത്തിൽ മടുത്തുപോകാതെ ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്ന വൈദീകസംഘം അംഗങ്ങളെ അനുമോദിക്കുന്നു. വൈദീകശുശ്രൂഷയുടെ സുഗമമായ നിർവ്വഹണം നടത്തുവാൻ സാധ്യമല്ലാത്ത ഇടവകകളിലും പൂർണ്ണപിന്തുണയോടെ സഹകരിക്കുന്ന എല്ലാ വിശ്വാസസമൂഹത്തിനും പ്രാർത്ഥനാനിർഭരമായ നന്ദി അർപ്പിക്കുന്നു.

**വൈദികസംഘം കമ്മറ്റി**

ഇടവകമെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ വന്ദ്യവൈദീകരായ റവ. ഫാ. ജോൺസൺ പുറ്റാനിൽ റവ. ഫാ. ഏലിയാസ് ചെറുകാട്, റവ. ഫാ. ബിനോയി ജോൺ പട്ടകുന്നേൽ, റവ. ഫാ. ബാബു ഏബ്രഹാം കാക്കയാനിക്കൽ റവ. ഫാ. അബി ഉലഹന്നാൻ പാറച്ചാലിൽ എന്നിവർ അംഗങ്ങളായ ഒരു കമ്മറ്റിയാണ് വൈദീക സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. റവ. ഫാ. ജോൺ വി. ജോൺ വടക്കേമുട്ടിപ്പിള്ളിൽ സെക്രട്ടറിയായി സേവനം ചെയ്യുന്നു.

**വൈദിക പഠന ശിബിരം**

ഓരോ വർഷവും ക്രമമായി നടന്നുവരുന്ന ദ്വിദിന വൈദിക പഠനശിബിരം 2015 ഡിസംബർ 14, 15 തീയതികളിൽ പാമ്പാക്കുട സമന്വയ സ്റ്റഡി സെന്ററിൽ വച്ച് നടന്നു. ഭദ്രാസനത്തിലെ എല്ലാ വൈദികരും (30 പേർ) പങ്കെടുത്ത സമ്മേളനം എന്ന പ്രത്യേകതയും ഉണ്ടായിരുന്നു. "പ്രത്യാശയുള്ളവരായിരിക്കുക" എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. അഭിവന്ദ്യ തിരുമേനി വിഷയം അവതരിപ്പിച്ചു. റവ. ഫാ. ഏബ്രഹാം കാരാമ്മേൽ, റവ. ഫാ. ജോൺസൺ പുറ്റാനിൽ, റവ. ഫാ. ബിനോയി ജോൺ എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. റവ. ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ ധ്യാനം നയിച്ചു. വൈദികർ എല്ലാവരും ചർച്ചകളിൽ സജീവമായി പങ്കുകൊണ്ടു. അഭി. തിരുമേനിയൊടൊപ്പം താമസിച്ചുകൊണ്ട് നടന്ന പഠനശിബിരം വേറിട്ട ഒരു അനുഭവമായി വൈദികർ സാക്ഷ്യപ്പെടുത്തി.

**ധ്യാനയോഗങ്ങൾ**

റിപ്പോർട്ടു വർഷത്തിൽ മൂന്നുനോമ്പിലും വലിയ നോമ്പിലും വൈദികധ്യാനയോഗങ്ങൾ നടത്തി. മൂന്നുനോമ്പിലെ മൂന്നുദിവസത്തെ ധ്യാനയോഗങ്ങൾക്ക് അഭിവന്ദ്യ ഇടവകമെത്രാപ്പോലീത്താ തിരുമേനി നേതൃത്വം കൊടുത്തു. വലിയനോമ്പിലെ വൈദികധ്യാനം 2016 മാർച്ച് 14-ാം തീയതി മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. ഏബ്രഹാം കുടിയത്തുകുഴിയിൽ ധ്യാനം നയിച്ചു. കത്തോലിക്കാസഭയിലെ അനുഗ്രഹീത ധ്യാനഗുരുവായ അച്ചന്റെ ദൈവവചന പ്രഘോഷണം വേറിട്ട ഒരു അനുഭവമായി വൈദീകസംഘം വിലയിരുത്തി. ബഹു. അച്ചനോട് ദൈവനാമത്തിൽ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**വൈദിക കമ്മറ്റി, പൊതുയോഗം**

റിപ്പോർട്ടുവർഷം വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാ

നങ്ങൾ എടുക്കുവാൻ വൈദിക കമ്മറ്റി നാലുതവണയും പൊതുയോഗം ആറുതവണയും കൂടുകയുണ്ടായി. പ്രധാന തീരുമാനങ്ങൾ എടുക്കുകയും അവ നടപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. വൈദികരുടെ ശമ്പളപരിഷ്ക്കരണം നടപ്പാക്കാൻ സാധിച്ചു എന്നതാണ് പ്രധാന നേട്ടം. സഭയുടെ പൊതുവായ ശമ്പള പരിഷ്ക്കരണ ശുപാർശകൾ നമ്മുടെ ഭദ്രാസനത്തിൽ നടപ്പാക്കി. അതിന് ആവശ്യമായ കൈത്താങ്ങൽ തരുന്ന സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാതിരുമേനിയോട് വൈദിക സംഘത്തിനുള്ള നിസ്സീമമായ നന്ദി അർപ്പിക്കുന്നു. ശമ്പളവർദ്ധനവിനോടൊപ്പം മാസവരി 50 രൂപയിൽ നിന്നും 100 രൂപാ ആയും വർദ്ധിപ്പിച്ചു. അതുവഴി വൈദികസംഘത്തിന്റെ പൊതുവരുമാനം വർദ്ധിച്ചു. ഇടവകകളിൽ നിന്നും ഓഡിറ്റ് ചെയ്ത കണക്കും റിപ്പോർട്ടും മുമ്പത്തേക്കാൾ കാര്യക്ഷമമായി ഭദ്രാസനകേന്ദ്രത്തിൽ നിന്നും യഥാസമയം സമർപ്പിക്കുവാനുള്ള തീരുമാനം നടപ്പിലാക്കിവരുന്നു. കൂടാതെ എല്ലാ മാസവും പാമ്പാക്കുട സമന്വയയിൽ വൈദീകപഠന സദസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചത് ക്രമമായി നടന്നുവരുന്നു. കഴിഞ്ഞകാലങ്ങളിലേക്കാൾ വൈദികയോഗങ്ങളിൽ വൈദികരുടെ ഹാജർനില മെച്ചമായിട്ടുണ്ട്. 2103-2014ൽ ഹാജർ നില ശരാശരി 18 ആയിരുന്നത് 2014-15 ൽ 21-ൽ എത്തി. അത് 25 ആയി വർദ്ധിച്ചത് വൈദിക സംഘത്തിന്റെ പ്രവർത്തനങ്ങളോട് വൈദികസംഘം അംഗങ്ങൾക്കുള്ള ക്രിയാത്മക സഹകരണമായി കണക്കാക്കുന്നു.

**വി. കുർബ്ബാന വീഞ്ഞ് ഉത്പാദനകേന്ദ്രം**

ഭദ്രാസന വൈദികസംഘത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന വി. കുർബ്ബാന വീഞ്ഞ് ഉത്പാദനകേന്ദ്രം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ബഹു. ജോൺസൺ പുറ്റാനിലച്ചന്റെ ചുമതലയിൽ ലാഭകരമായി ആ സ്ഥാപനം നടക്കുന്നുണ്ട്. അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം വൈദീകശമ്പള പദ്ധതിയിലേക്കും മറ്റൊരു വിഹിതം വൈദികരുടെ മക്കളുടെ വിദ്യാഭ്യാസ ആവശ്യത്തിനും ചെലവിടുന്നു. അതിന്റെ വരവുചെലവു കണക്കുകൾ വൈദികസംഘം കമ്മറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിവരുന്നു. വീഞ്ഞ് ഉത്പാദനകേന്ദ്രത്തിന്റെ നടത്തിപ്പ് ചുതലയുള്ള ബഹു. ജോൺസൺ അച്ചനോട് വൈദികസംഘത്തിന്റെ നന്ദി അറിയിക്കുന്നു.

**ഭദ്രാസന പുസ്തകശാല**

റിപ്പോർട്ട് വർഷം പുസ്തകശാലയുടെ പ്രവർത്തനം മികച്ചതായിരുന്നു. സ്റ്റോക്ക് തിട്ടപ്പെടുത്തി വിൽപ്പന സംവിധാനം കമ്പ്യൂട്ടർവത്ക്കരിച്ചു.

അതുവഴി അതാതു ദിവസത്തെ സ്റ്റോക്കും വിൽപന വാങ്ങലുകളും എല്ലാം കൃത്യമായി കണക്കാക്കുവാനുള്ള സംവിധാനം ഉണ്ടായി. ഇത് ബുക്ക്ഷോപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സഹായിച്ചു. വൈദികസംഘം കമ്മറ്റിയും, മർത്തമറിയം സമാജം കമ്മിറ്റിയും സംയുക്തമായി പുസ്തകശാലയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. മാനേജർ സ്ഥാനം വഹിക്കുന്ന ബഹു. ഏലിയാസ് ചെറുകാട്ട് അച്ചന്റെ നല്ല സേവനങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നു.

**വിദ്യാഭ്യാസ സ്കോളർഷിപ്പ്**

വൈദികസംഘത്തിൽ അംഗങ്ങളായ വൈദികരുടെ മക്കൾക്ക് ആണ്ടു തോറും നൽകിവരുന്ന വിദ്യാഭ്യാസസഹായം ഈ വർഷവും നൽകി. വീഞ്ഞ് ഉല്പാദനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ വർഷം ഓരോ വിദ്യാർത്ഥിക്കും 5000/- (അയ്യായിരം രൂപാ) വച്ച് കൊടുക്കുവാൻ സാധിച്ചു. അതിന് യുക്തമായ തീരുമാനം എടുത്ത് നടപ്പാക്കിയ വൈദികസംഘം കമ്മറ്റിയെ അനുമോദിക്കുന്നു.

**കോടതിവിധികൾ**

വൈദികസംഘാംഗങ്ങളുടെ ശുശ്രൂഷാസമയത്തിന്റെ മുഖ്യപങ്ക് വ്യവഹാരങ്ങൾക്കുവേണ്ടി ചിലവഴിക്കേണ്ട ഒരു സാഹചര്യമാണ് നമ്മുടെ ഭദ്രാസനത്തിൽ നിലനിൽക്കുന്നത്. ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഓരോ ദേവാലയങ്ങളുടെ ഭാവി ഭാഗധേയം നിശ്ചയിക്കുന്ന അവസരമാണ് ഇത്. ബഹുമാനപ്പെട്ട വൈദികർ കേസ്സുകളുടെ നടത്തിപ്പിൽ കാണിക്കുന്ന ജാഗ്രത പല പള്ളികളിലും ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ സ്ഥിരീകരിക്കാൻ സഹായകമായി. മാമലശ്ശേരി മാർ മിഖായേൽ, വരിക്കോലി സെന്റ് മേരീസ്, ഓണക്കൂർ സെഹിയോൻ, കുറിഞ്ഞി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്, പന്നൂർ സെന്റ് ജോൺസ് മുതലായ ദേവലായങ്ങളിൽ വ്യക്തമായ കോടതിവിധികൾ നേടുവാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. അതിനു നേതൃത്വം കൊടുത്ത ബഹു. വൈദീകരേയും അല്മായ നേതൃത്വത്തെയും അനുമോദനത്തിന്റെ പൂച്ചെണ്ടു നൽകി വൈദീകസംഘം ആദരിക്കുന്നു.

**അനുമോദനം**

മെത്രാഭിഷേകത്തിന്റെ രജതജൂബിലി നിറവിൽ ഭദ്രാസനത്തെ ദൈവപരിപാലനത്തിൽ ഭാഗ്യമോടെ നയിക്കുന്ന ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയോട് ഭദ്രാസന വൈദികസംഘത്തിനുള്ള കടപ്പാടും അനുമോദനവും അറിയിക്കുന്നു. തന്റെ കർമ്മ

മണ്ഡലത്തിൽ വെല്ലുവിളികൾ ഉണ്ടായിട്ടും ധീരതയോടെ, പ്രത്യാശയുടെ തുറമുഖത്തേയ്ക്ക് ഭദ്രാസനത്തെ നയിക്കുന്ന പിതാവിന് എല്ലാ ആയുരാരോഗ്യങ്ങളും നേരുന്നു. വന്ദ്യപിതാവിന്റെ കരങ്ങൾക്ക് ദൈവംതമ്പുരാൻ കൂടുതൽ ശക്തി പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**അനുശോചനം**

വൈദികസംഘാംഗവും മലങ്കരസഭാ വർക്കിംഗ് കമ്മറ്റിയംഗവും ഭദ്രാസന പുസ്തകശാല മാനേജരുമായ ബഹു. ഏലിയാസ് ചെറുകാട്ട് അച്ചന്റെ പിതാവ് ശ്രീ. സി.വി. ജേക്കബ് 2016 മെയ് 3 ന് കർത്തൃസന്നിധിയലേക്ക് ചേർക്കപ്പെട്ടു. ബഹു. ഏലിയാസ് കുറ്റിപറിച്ചേലച്ചന്റെ ഭാര്യാമാതാവ് കർത്താവിൽ നിദ്രപ്രാപിച്ചു. ഇവരുടെ നിര്യാണത്തിൽ വൈദികസംഘം അനുശോചിക്കുന്നു. പ്രിയപ്പെട്ടവരുടെ നിര്യാണത്തിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങൾക്ക് കർത്താവ് ആശ്വാസം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഉപസംഹാരം**

"പാറമേൽ നിന്നപ്പോൾ ദൈവം വാഗ്ദാനം നിറവേറ്റി; ദൈവ ദർശനം സാധ്യമായി...... നന്മയുടെ വിശാല സ്ഥലിയിൽ ദൈവസ്വരം ശ്രവിച്ച് ഓട്ടം ഓടുകയും വിശ്വാസം കാക്കുകയും പാറമേൽ പാദങ്ങൾ ഉറപ്പിക്കുകയും ചെയ്യുന്നവൻ ന്യായാധിപതിയുടെ കൈകളിൽ നിന്ന് നീതിയുടെ കിരീടം പ്രാപിക്കും." (മോശെയുടെ ജീവിതം-നിസ്സായിലെ മാർ ഗ്രീഗോറിയോസ്)

കഴിഞ്ഞ കാലങ്ങളിൽ കരുണയോടെ വഴി നടത്തിയ കാരുണ്യവാന് സ്തുതി. ശരിരായ പാത തെളിച്ച പൂർവ്വപിതാക്കളെ ഓർക്കുന്നു. പ്രതിസന്ധിയിൽ കഴിയുന്ന വൈദിക സംഘാംഗങ്ങൾക്ക് താങ്ങും തണലുമായ മലങ്കരയിലെ പ്രധാന ഇടയൻ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള കൂറും വിധേയത്വവും ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. പിതൃതുല്യമായ വാത്സല്യത്തോടെ സ്നേഹിച്ചും ഉപദേശിച്ചും പ്രബോധിപ്പിച്ചും ഞങ്ങളെ വഴിനടത്തുന്ന വന്ദ്യപിതാവ് ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയോടുള്ള നിസ്സീമമായ ഭക്ത്യാദരവ് രേഖപ്പെടുത്തുന്നു. ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹാം കാരാമ്മേൽ, അരമന മാനേജർ ഫാ. മേരീദാസ് സ്റ്റീഫൻ എന്നിവരോടുള്ള സഹോദരസ്നേഹം അറിയിക്കുന്നു. വൈദികസംഘാംഗങ്ങളായ എല്ലാവരോടും ഒരായിരം നന്ദി അർപ്പിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

എന്ന്,

**ഫാ. ജോൺ വി. ജോൺ വടക്കേമുട്ടപ്പിള്ളിൽ**

സെക്രട്ടറി

# മർത്തമറിയം വനിതാസമാജം

## വാർഷിക റിപ്പോർട്ട് 2015 – 2016

ഈ സംഘടനയുടെ 51–ാമത് വാർഷിക സമ്മേളനം 2015 മെയ് 30–ാം തീയതി സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴയിൽ വച്ച് സമാജം പ്രസിഡന്റ് അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. “ദിവ്യസ്വഭാവത്തിന് കൂട്ടാളികളാകുവിൻ” (2. പത്രോസ്. 1:14) ആയിരുന്നു ചിന്താവിഷയം. ഉദ്ഘാടനപ്രസംഗത്തിനുശേഷം റവ. ഫാ. അബ്രഹാം കാരാമ്മേൽ ബൈബിൾ സ്റ്റഡി നടത്തി. ഉച്ചയ്ക്കുശേഷം നടന്ന വാർഷിക പൊതുയോഗത്തിൽ സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗത്തിൽ വച്ച് വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനദാനം നടത്തി. 2014–15 ലെ മികച്ച സമാജങ്ങൾക്കുള്ള ഒന്നും രണ്ടും മൂന്നും പുരസ്കാരങ്ങൾ യഥാക്രമം സെന്റ് ജോർജ് പെരിയാമ്പ്രയ്ക്കും സെന്റ് ജോൺസ് പന്നൂരിനും സെന്റ് ജോൺസ് പാങ്കോടിനും നൽകി. ഏറ്റവും നല്ല സമാജത്തിനുള്ള സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ, ഇലഞ്ഞി നൽകിയിട്ടുള്ള എവർ റോളിംഗ് ട്രോഫിയും പെരിയാമ്പ്ര പള്ളിക്കു നൽകുകയുണ്ടായി.

അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള ഭദ്രാസന ഭാഹവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

**കമ്മറ്റി മെമ്പേഴ്സ്**

1. ശ്രീമതി സലോമി പന്നൂർ
2. ശ്രീമതി റൂബി വർഗീസ് സെന്റ് ജോൺസ് കണ്യാട്ടുനിരപ്പ്
3. കുമാരി മിനുമറിയം ജോസഫ്, സെന്റ് ഗ്രീഗോറിയോസ്, മലേക്കുരിശ്
4. ശ്രീമതി നിമ്മി പോൾ, സെന്റ് ഗ്രീഗോറിയോസ്, മലേക്കുരിശ്
5. ശ്രീമതി എ.വി. ഏലിയാമ്മ, സെന്റ് മേരീസ്, അറൂർ
6. ശ്രീമതി ആൽഫി ജോർജ്, സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ
7. ശ്രീമതി അന്നക്കുട്ടി ജോസഫ്, സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ
8. ശ്രീമതി മേരി ജോസ്, സെന്റ് മേരീസ് ചർച്ച്, വരിക്കോലി
9. ശ്രീമതി അമ്മിണി മാത്യു, സെന്റ് ജോൺസ് ചർച്ച്, പാലക്കുഴ
10. ശ്രീമതി ചിന്നമ്മ ജോണി, സെന്റ് ജോൺസ് ചർച്ച്, പാലക്കുഴ
11. ശ്രീമതി മോളി ജെയിംസ്, സെന്റ് ജോർജ്, പെരിയാമ്പ്ര
12. ശ്രീമതി ഷൈനി ജോൺ, സെന്റ് ജോർജ്, പെരിയാമ്പ്ര

13. ശ്രീമതി മേരി ഫിലിപ്പോസ്, സെന്റ് ജോൺസ്, പാങ്കോട്
14. ശ്രീമതി നിഷ ജോയ്, മാർ മിഖായേൽ, മാമലശ്ശേരി
15. ശ്രീമതി മേരി ഉല്ലാസ്, മാർ മിഖായേൽ, മാമലശ്ശേരി

വൈസ് പ്രസിഡന്റുമാരായി റവ. ഫാ. മേരീദാസ് സ്റ്റീഫൻ, ശ്രീമതി ജിജി ജോൺസൺ, ശ്രീമതി തങ്കമ്മ ദാനിയേൽ, ശ്രീമതി അല്ലി ജോർജ്, ശ്രീമതി മേരി വർഗീസ് എന്നിവരേയും സെക്രട്ടറി ആയി ശ്രീമതി റീന ജോയിയേയും ട്രഷറാർ ആയി ശ്രീമതി അന്നമ്മ കുര്യാക്കോസിനെയും തെരഞ്ഞെടുത്തു.

റിപ്പോർട്ട് വർഷത്തിൽ എല്ലാ മാസത്തിലേയും രണ്ടാം ശനിയാഴ്ചകളിൽ കമ്മറ്റിയംഗങ്ങൾക്കായി അരമനപള്ളിയിൽ വി. കുർബ്ബാനയ്ക്കുശേഷം പ്രാർത്ഥനായോഗങ്ങളും വേദപഠനവും നടന്നു. പ്രസ്തുത യോഗങ്ങളിൽ അഭി. തിരുമേനി വേദക്ലാസ്സുകൾ നടത്തി.

**ഏകദിന സമ്മേളനങ്ങൾ**

ആദ്യ ഏകദിനസമ്മേളനം 2015 ഡിസംബർ 19 പാലക്കുഴ സെന്റ് ജോൺസ് പള്ളിയിൽ വച്ച് നടന്നു. "പ്രത്യാശയുള്ളവരായിരിക്കുക" (2 കൊരി. 4:8-9, സങ്കീർത്ത. 121:27) എന്നതായിരുന്നു ചിന്താവിഷയം. അഭി. തിരുമേനി റവ. ഫാ. ഷിബു കുര്യൻ, ശ്രീമതി ജിജി ജോൺസൺ തുടങ്ങിയവർ നേതൃത്വം നൽകി. യോഗത്തിൽ വച്ച് കരോൾഗാന മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയുമുണ്ടായി.

2-ാം ഏകദിനസമ്മേളനം 2016 മാർച്ച് 12-ാം തീയതി മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വച്ച് അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. അഭി. തിരുമേനിയും ശ്രീ. മനോജ് മാത്യുവും ധ്യാനപ്രസംഗങ്ങൾ നടത്തി.

**അഖില മലങ്കര എം.ഒ.എം.എസ്. വാർഷിക സമ്മേളനങ്ങൾ**

2015 ആഗസ്റ്റ് ഒന്നിന് പരുമല പള്ളിയിൽ വച്ച് നടന്ന സമ്മേളനത്തിൽ 50 ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു. 2016 ഏപ്രിൽ 27, 28, 29 തീയതികളിൽ പാമ്പാടി കുര്യാക്കോസ് ദയറായിൽ വച്ച് നടന്ന 2016 വാർഷിക സമ്മേളനത്തിലും നമ്മുടെ പ്രതിനിധികൾ സംബന്ധിച്ചു.

കഞ്ഞിക്കുഴി അഖിലമലങ്കര സമാജം ഹെഡ് ഓഫീസിൽ വച്ച് നടന്ന ലീഡർഷിപ്പ് ക്യാമ്പിൽ പെരിയാമ്പ്രയിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**മറ്റു പ്രവർത്തനങ്ങൾ**

കേന്ദ്രസമാജത്തിലെ സ്നേഹസ്പർശം ചാരിറ്റി ഫണ്ടിലേക്ക് നമ്മുടെ വിവിധ പള്ളികളിലെ സഹോദരിമാർ സ്വരൂപിച്ചു നൽകിയ 30000 രൂപ നൽകി.

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഫ്ളോറിഡയിലെ റവ. ഫാ. ജോർജ് പൗലോസ് വിവാഹസഹായമായി നൽകിയ 750 ഡോളർ പാലക്കുഴ പള്ളിയിലെ മിസ്സ് മനിഷ് സ്കറിയ പാലയ്ക്കൽ പുത്തൻപുരയ്ക്ക് നൽകി.

ഭദ്രാസന മർത്തമറിയം സമാജം ഈ വർഷം ചികിത്സാസഹായമായി 5000 രൂപ വീതം ശ്രീമതി റാണി തോമസ് നെടുങ്ങാട്ടുകുടിക്കും, രവി വാഗ മറ്റത്തിൽ മീങ്കുന്നത്തിനും നൽകി. അഭി തിരുമേനിയുടെ ചാരിറ്റി ഫണ്ടി ലേക്ക് 15000 രൂപ നൽകുകയുമുണ്ടായി.

അഖില മലങ്കര മർത്തമറിയം സമാജവാർഷിക പരീക്ഷാവിജയികളെ അനുമോദിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

**ബുക്ക് സ്റ്റാൾ**

സമാജത്തിന്റേയും ബഹുമാനപ്പെട്ട വൈദീകസംഘത്തിന്റേയും സംയുക്തസംരംഭമായ ബുക്ക് സ്റ്റാൾ ബഹു. ഏലിയാസ് ചെറുകാട്ടച്ചന്റെ നേതൃത്വത്തിൽ ഭംഗിയായി നടന്നുപോകുന്നു.

**കൃതജ്ഞത**

ഭദ്രാസനത്തിന്റെ ഭാരിച്ച ചുമതലകൾക്കിടയിലും ഈ സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വവും പൈതൃകമായ ഉപദേശങ്ങളും വാത്സല്യങ്ങളും നൽകി ഞങ്ങളെ അനുഗ്രഹിക്കുന്ന അഭി. തിരുമേനിയോ ടുള്ള ഭക്ത്യാദരവുകൾ ഈ അവസരത്തിൽ അറിയിക്കട്ടെ. സമാജത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും ആത്മാർത്ഥമായി സഹകരിക്കുന്ന എല്ലാ വന്ദ്യ വൈദീകരോടും വിശിഷ്യാ സമാജം വൈസ് പ്രസിഡന്റ് റവ. ഫാ. മേരീദാസ് സ്റ്റീഫനോടും സമാജാംഗങ്ങൾക്കുള്ള കൃതജ്ഞത അറിയിച്ചു കൊള്ളുന്നു. ദൈവതിരുനാമത്തെ മഹത്വപ്പെടുത്തിക്കൊണ്ടും വി. ദൈവമാ താവിന്റെ മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടും റിപ്പോർട്ട് ഉപസംഹ രിക്കുന്നു

**റീന ജോയി**
സെക്രട്ടറി

# കണ്ടനാട് ഈസ്റ്റ് യുവജനപ്രസ്ഥാനം

## വാർഷിക റിപ്പോർട്ട് 2015 – 2016

ത്രിയേകദൈവത്തിനു സ്തുതി

കണ്ടനാട് ഈസ്റ്റ് ഭദ്രാസനയുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തന ങ്ങൾ ഭംഗിയായി നടന്നുവരുന്നു. ആയതിനു സഹകരിച്ച എല്ലാ ഇടവക

വികാരിമാരോടും വൈദീകരോടും ഇടവക യൂണിറ്റ് ഭാരവാഹികളോടുമുള്ള നന്ദി ആദ്യമേ അറിയിക്കുന്നു.

2015–2016 ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ടി യൂണിറ്റുകൾ കേന്ദ്രകമ്മറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചു എന്നുള്ളതാണ് ഈ വർഷത്തെ ഏറ്റവും പ്രധാന പ്രവർത്തനമായി ചെയ്യാൻ കഴിഞ്ഞത്.

കൂടാതെ മുൻ വർഷങ്ങളിലേതുപോലെ ഡിസംബർ 27–ാം തീയതി യുവജനസംഗമവും ക്രിസ്തുമസ് സന്ധ്യയും നടത്തുവാൻ സാധിച്ചു. യുവജനസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് ക്രിസ്തുമസ് സന്ദേശം നൽകിയത് തൃശൂർ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനിയാണ്. തദവസരത്തിൽ അഭിവന്ദ്യ തിരുമേനി ഈ വർഷത്തെ ‘ഹൈലോ അവാർഡ്’ മൂവാറ്റുപുഴ ‘ഡെന്റ് കെയർ’ മാനേജിംഗ് ഡയറക്ടർ ശ്രീ. ജോൺ കുര്യാക്കോസിനു നൽകുകയുണ്ടായി. കാരൾഗാന മത്സരവും യുവജനസംഗമവും പ്രവർത്തകരുടെ സാന്നിധ്യംകൊണ്ടും പങ്കാളിത്തം കൊണ്ടും വിജയകരമായിരുന്നു. വടക്കൻ മേഖല പരുമല തീർത്ഥയാത്രയിൽ നമ്മുടെ ഭദ്രാസന യുവജനപ്രസ്ഥാനത്തിനും നേതൃത്വം നൽകുന്നതിനും കൂടുതൽ പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിനും കഴിഞ്ഞു.

അങ്കമാലി, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ് എന്നീ ഭദ്രാസനങ്ങൾ ഉൾപ്പെട്ട സോണൽ കമ്മിറ്റി സെക്രട്ടറിയായി നമ്മുടെ ഭദ്രാസനപ്രതിനിധിയായ ശ്രീ. ജിനിൽ ജോർജ്ജ് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ് സഹായിക്കുന്ന നിരവധി വ്യക്തികളും സ്ഥാപനങ്ങളുമുണ്ട്. അവരെയെല്ലാം ഈ സമയത്ത് ഓർക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. യുവജനപ്രസ്ഥാനം എന്ന നിലയ്ക്ക് ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഊർജ്ജ്വസ്വലവുമായി മുന്നോട്ടു പോകേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പരിശ്രമത്തിൽ എല്ലാവരുടേയും മാർഗ്ഗനിർദ്ദേശവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

പ്രസ്ഥാനത്തിന്റെ പ്രസിഡന്റും ഇടവക മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയോടുള്ള നന്ദിയും കടപ്പാടും അർപ്പിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകിയ എല്ലാവരോടും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

OCYM ഭദ്രാസന കമ്മറ്റിക്കുവേണ്ടി,

**അഡ്വ. ജമറിൻ ടി. ഈപ്പൻ**

സെക്രട്ടറി

# സഭാ മാനവശാക്തീകരണ വിഭാഗം
## (Ministry of Human Empowerment)

മലങ്കര സഭയിലെ വിവിധ ഇടവകകളിലെ വിദ്യാസമ്പന്നരും വിവിധ മേഖലകളിൽ വൈദഗ്ദ്യം ഉള്ളവരുമായ വ്യക്തികളുടെ കഴിവുകളും സേവനങ്ങളും ആശയങ്ങളും സഭയുടെ പൊതുവായ വളർച്ചയ്ക്ക് ഉപയുക്തമാക്കുക എന്നതാണ് മാനവശാക്തീകരണവിഭാഗം പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിനായി സഭാ തലത്തിൽ തുടക്കമിടുന്ന വിവിധ കർമ്മപരിപാടികൾ ഭദ്രാസനത്തിലും വിവിധ ഇടവകകളിലും നടപ്പിലാക്കി കൂടുതൽ ഫലപ്രദമാക്കി തീർക്കുക എന്നതാണ് ഈ പ്രസ്ഥാനംകൊണ്ട് ഉദ്ദേശിക്കുന്നത്. ബോധവത്ക്കരണ പരിപാടികൾ, ചർച്ചാ ക്ലാസുകൾ എന്നിവ കർമ്മ പരിപാടികൾ ആണ്.

'സമഗ്രസൗഖ്യം' എന്നുള്ളതായിരുന്നു ഈ വർഷത്തെ കർമ്മ പരിപാടി. സൗഖ്യത്തിന്റെ വിവിധ മാനങ്ങളെപ്പറ്റി വിദഗ്ദർ തയ്യാറാക്കിയ കൈപ്പുസ്തകം അടിസ്ഥാനമാക്കി ഭദ്രാസനതലത്തിൽ രണ്ടു പ്രധാന യോഗങ്ങൾ നടന്നു. പാമ്പാക്കുട സമന്വയ എക്യുമെനിക്കൽ സെന്ററിൽ നടന്ന സമ്മേളനം ഭദ്രാസന മെത്രാപ്പോലീത്തായും മലങ്കര ഓർത്തഡോക്സ് സഭ മാനവശാക്തീകരണ വിഭാഗം പ്രസിഡന്റുമായ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. സോജൻ ഐപ്, കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി ഡോ. വർഗീസ് പുന്നൂസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വൈദികരുടെയും അൽമായരുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

സമഗ്രസൗഖ്യത്തെപ്പറ്റി ഭദ്രാസന മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ ഊരമന സെന്റ് ജോർജ്ജ് താബോർ പള്ളിയിൽ വച്ചു നടത്തിയ ഏകദിന സമ്മേളനം അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഡോ. എം. പി. മത്തായി പ്രധാന ക്ലാസ് നയിച്ചു. കൂടാതെ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങൾ കേന്ദ്രീകരിച്ച് ഈ വിഷയത്തെപ്പറ്റി ചർച്ചകളും ബോധവത്ക്കരണ പരിപാടികളും നടത്തി.

**ഐക്കൺ എക്സലൻസ് അവാർഡ്**

മാനവശാക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നൽകിവരാറുള്ള ഐക്കൺ എക്സലൻസ് അവാർഡിനു ഈ വർഷവും 7 ഓളം വിദ്യാർത്ഥികൾ ഈ ഭദ്രാസനത്തിൽ നിന്നും അർഹരായി.

**ഭാരവാഹികൾ**

പ്രസിഡന്റ് - അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത

ഡയറക്ടർ - ഫാ. ഗീവർഗീസ് പതപ്പിള്ളിൽ

അംഗങ്ങൾ - ഫാ. എബ്രഹാം കാരാമേൽ

ശ്രീ. ജയിംസ് ആനിപ്ര

ശ്രീ. ജോർജ്ജ് മുണ്ടക്കാപ്പിള്ളിൽ

ശ്രീമതിമാരായ ജിജി ജോൺസൺ

മിനി ജോസഫ്

ഷൈനി അബി

ഡോ. സെൽവി സേവ്യർ

ഈ പ്രസ്ഥാനത്തിനു പുതിയ ദിശാബോധം നൽകി പരിപാലിക്കുന്ന സ്നേഹവാനായ ദൈവത്തെ സ്തുതിച്ചും നേതൃത്വം നൽകുന്ന അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും എല്ലാ കമ്മറ്റി അംഗങ്ങളോടുമുള്ള നന്ദിയും രേഖപ്പെടുത്തി ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

കർത്തൃശുശ്രൂഷയിൽ,

**ഫാ. ഗീവർഗ്ഗീസ് പതപ്പിള്ളിൽ**
ഡയറക്ടർ

## അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷകസംഘം (AMOSS)

## കണ്ടനാട് ഈസ്റ്റ് ഭദ്രാസനം റിപ്പോർട്ട് 2015 - 2016

വി. മദ്ബഹായിലെ ശുശ്രൂഷകരെ ഏകോപിപ്പിക്കുക, പരിശീലനം നൽകി നിയോഗ ബോധമുള്ളവരാക്കുക, പ്രധാനശുശ്രൂഷകർക്കുവേണ്ട സാമ്പത്തിക സഹായം ഒരുക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടെയാണ് സഭാതലത്തിൽ ശുശ്രൂഷകസംഘം രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ശുശ്രൂഷാ രംഗത്തേക്ക് കടന്നുവരുന്ന ചെറുപ്പക്കാരെ അതിൽ തുടരുവാനുള്ള താത്പര്യം വർദ്ധിപ്പിക്കുക എന്നതും ഈ സംഘം മുന്നോട്ടുവയ്ക്കുന്ന പ്രധാന താത്പര്യമാണ്.

സഭാതലത്തിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കുന്ന വാർഷിക ക്യാമ്പും ഒക്ടോബർ-നവംബർ മാസത്തിൽ നടക്കുന്ന പ്രധാനശുശ്രൂഷകരുടെയും ക്യാമ്പാണ് പ്രധാന സമ്മേളനങ്ങൾ. പരുമല സെമിനാരിയിലും പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളിയിലും വച്ച് ഇവ യഥാക്രമം

നടക്കുകയും ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള ശുശ്രൂഷകർ ഇതിൽ സംബന്ധിക്കുകയും ചെയ്തു.

ഭദ്രാസനതലത്തിൽ നടന്ന ഏകദിന സമ്മേളനത്തിന് 2016 മെയ് 16 ന് പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളി ആതിഥ്യമരുളി. സമ്മേളനം ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് റവ. ഫാ. ജോൺ വി. ജോൺ ക്ലാസ് നയിച്ചു. പാങ്കോട് പള്ളി വികാരി റവ. ഫാ. ജെറി ജോൺ മാത്യു, ശ്രീ. കെ. വൈ. ബിജു എന്നിവർ ഗാനപരിശീലനം നൽകി. പിന്നീട് വായന, ആരാധന ഗീതമത്സരങ്ങൾ നടത്തുകയും വിജയികൾക്ക് അഭി. തിരുമേനി സമ്മാനങ്ങൾ നൽകി അനുമോദിക്കുകയും ചെയ്തു. മത്സരത്തിൽ വരിക്കോലി സെന്റ് മേരീസ്, പാങ്കോട് സെന്റ് ജോൺസ്, പാലക്കുഴ സെന്റ് ജോൺസ്, ആറൂർ മേരിഗിരി എന്നീ പള്ളികളികളിലെ ശുശ്രൂഷകർ വിവിധ സ്ഥാനങ്ങൾ നേടി.

**ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | – | അഭി. ഇടവക മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | – | ഫാ. ഗീവർഗീസ് പതപ്പിള്ളിൽ |
| സെക്രട്ടറി | – | ശ്രീ. കെ. പി. ബിജു |
| അംഗങ്ങൾ | – | ശ്രീ. റെജി ഇടുക്കി |
| | | ശ്രീ. കെ. സി. ജോയി പാലക്കുഴ |
| | | ശ്രീ. അബ്രഹാം കണ്ണ്യാട്ടുനിരപ്പ് |

